## ചോ:

# “ ‘പുതിയനിയമ’ പ്രവചനത്തിന്റെ പ്രാധാന്യം എന്ത്?”

## ഉത്തരം:

വരുവാനുള്ള ക്രിസ്തുവിന്റെ സഭയെക്കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങളെ നാം പരിഗണിക്കുമ്പോൾ, ഒന്നു പ്രത്യേകമായ ശ്രദ്ധ അർഹിക്കുന്നതാണ്: “ഒരു പുതിയനിയമ” ത്തെകുറിച്ചുള്ള പ്രവചനം. മോശെയുടെ പഴയനിയമവും ക്രിസ്തുവിന്റെ പുതിയനിയമവും തമ്മിൽ വളരെ അന്തരമുണ്ട്. രണ്ടിന്റേയും നിർമ്മാതാവു ഒരേ ദൈവം ആണ്, എങ്ങനെയായാലും, പഴയനിയമത്തിൽനിന്നു രൂപപ്പെടുത്തിയതാണ് പുതിയനിയമം.

മോശെ മുഖാന്തരം സീനായ് പർവ്വതത്തിൽ വെച്ചു കൊടുത്ത നിയമത്തിനു തൊള്ളായിരം വർഷങ്ങൾക്കുശേഷവും (സി. 1446 ബി.സി.), പിന്നെയും അറുന്നൂറു വർഷങ്ങൾ (സി. 597 ബി.സി.) ക്രൂശിൽ തറെക്കുന്നതിനു മുൻപുവരെയും (കൊലൊസ്യർ 2:14), തന്റെ ജനത്തോടു പുതിയനിയമം ദൈവം വാഗ്ദാനം ചെയ്തു. ഈ വിപ്ളവാത്മകമായ, പ്രവചന സന്ദേശം നല്കുവാൻ, അനാതോതിലെ ഒരു പുരോഹിതനായ, യിരെമ്യാവിന്നു അവൻ കല്പന കൊടുത്തു:

> ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന, കാലം വരും, ... എന്നു യഹോവയുടെ അരുളപ്പാട്, ഞാൻ അവരുടെ കൈക്കു പിടിച്ചു മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം പോലെ അല്ല, ഞാൻ അവർക്കു കർത്താവായിരുന്നിട്ടും, അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞു എന്നു യഹോവയുടെ അരുളപ്പാട്, ... എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു, ... ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും, അവർ എനിക്കു ജനവും ആയിരിക്കും എന്നു യഹോവയുടെ അരുളപ്പാട്. ഇനി അവരിൽ ആരും, തന്റെ കൂട്ടുകാരനേയും തന്റെ സഹോദരനെയും, “യഹോവയെ അറിക,” എന്നു ഉപദേശിക്കയില്ല, അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും, ഞാൻ അവരുടെ അകൃത്യം മോചിക്കും, ... അവരുടെ പാപം ഇനി ഓർക്കയുമില്ല, എന്നു യഹോവയുടെ അരുളപ്പാട് (യിരെമ്യാവു 31:31-34).

നാലു വിധത്തിലുള്ള പുതുക്ക സ്വഭാവം പുതിയനിയമത്തിനു,[1] അഥവാ പുതിയ ഉടമ്പടിക്ക് ഉണ്ട്: (1) ഹൃദയത്തിലാണ് അതു എഴുതുന്നതു (വാ.

33), (2) അതിൽ ദൈവത്തിനും തന്റെ ജനത്തിനും തമ്മിൽ വ്യക്തിപരമായി സ്വാധീനിക്കുന്ന ഒരു ബന്ധമുണ്ട് (വാ. 33), (3) അതു യഹോവയെ അറിയുന്നവർക്കു മാത്രമുള്ളതാണ് (വാ. 34), (4) അതു പൂർണ്ണമായ പാപമോചനത്തെ പ്രഖ്യാപിക്കും (വാ. 34).

## ഹൃദയത്തിൽ-എഴുതപ്പെട്ട ഒരു നിയമം

രണ്ടു കല്പലകകളിന്മേലും, മിസ്രയീം പുസ്തകചുരുളുകളിന്മേലും (പാപ്പിറസ് ചെടിയുടെ തൊലി) എഴുതപ്പെട്ടതായിരുന്നു പഴയനിയമം (പുറപ്പാട് 24:4-7, 12; 34:28). വ്യത്യാസം നോക്കിയാൽ, പുതിയനിയമം ആളുകളുടെ ഹൃദയങ്ങളിലാണ് എഴുതേണ്ടതു. പഴയനിയമം പുറമെയാണ് എഴുതിയിരുന്നത്, എന്നാൽ പുതിയത് ഉള്ളിലാണ് എഴുതുന്നത്. ഒന്നു പുറമെ എഴുതപ്പെട്ടു എങ്കിൽ, മറ്റേതു "ഉള്ളിലാണ്" എഴുതപ്പെടുന്നത്. ആദ്യത്തേത് ഭൗതികവും, രണ്ടാമത്തേതു ആത്മികവുമാണ്. ആദ്യത്തേത് ദൃശ്യവും, രണ്ടാമത്തേതു അദൃശ്യവുമാണ്.

എങ്ങനെയാണ് ഒരാളുടെ ഹൃദയത്തിൽ എഴുതുന്നത് എന്നതു ചിത്രീകരിക്കുവാൻ സ്കൂൾപരിധിക്കടുത്തുകൂടെ മണിക്കൂറിൽ മുപ്പത്തി-അഞ്ചു മൈൽ സ്പീഡിൽ ബൈക്ക് ഓടിച്ചുപോകുന്ന ഒരാളെ കുറിച്ചു പറഞ്ഞിരിക്കുന്നു. പെട്ടെന്നു, രണ്ടു കാറുകൾ പാർക്കു ചെയ്തിരുന്ന സ്ഥലത്തു നിന്നു, ഒരു കുട്ടി റോഡിലേക്കു ഓടി വന്നു. ബൈക്കുകാരൻ ബ്രെയിക്ക് ചവിട്ടുകയും വണ്ടി ആടിയുലഞ്ഞു നില്ക്കുകയും ചെയ്തു. അയാൾ നിർത്തിയപ്പോൾ, കാർ കുട്ടിയെ സ്പർശിക്കുന്നതാണു കണ്ടത്! ഡ്രൈവർ വിറെച്ചു തണുത്തുപോയി. ആ കുട്ടിയെ കൊല്ലത്തക്കവണ്ണം എത്ര അടുത്താണ് താൻ എത്തിയത്! അതിൽ പിന്നെ, റോഡിന്റെ അരികിൽ, "സ്കൂൾ പരിസരമാണ് - മണിക്കൂറിൽ 15-മൈൽ സ്പീഡ് മാത്രം" എന്നു എഴുതിയ ബോർഡിന്റെ ആവശ്യമില്ല അയാൾക്ക്. ആ ദിവസത്തിനുശേഷം, അതുവഴി വാഹനം ഓടിക്കുമ്പോൾ നിയന്ത്രണത്തോടും ശ്രദ്ധയോടുംകൂടെ വേണം എന്നു അയാൾ തന്റെ ഹൃദയത്തിൽ എഴുതിക്കഴിഞ്ഞു.

## "പുതിയനിയമം" പുതിയ ഉടമ്പടി അല്ല

"നമ്മുടെ കർത്താവും രക്ഷിതാവും ആയ യേശുക്രിസ്തുവിന്റെ പുതിയനിയമം" എന്നപേരിൽ ഒന്നിച്ച് അച്ചടിച്ചിരിക്കുന്ന ഇരുപത്തേഴു പുസ്തകങ്ങളെ നോക്കിയാൽ പുതിയനിയമമായി തെറ്റിദ്ധരിക്കാൻ ഒരാൾക്കു സാധ്യതയുണ്ട്. ആ ഇരുപത്തി-ഏഴു പുസ്തകങ്ങൾ വിലയേറിയതാണ്, എന്നാൽ അവ പുതിയ നിയമം അഥവാ ഉടമ്പടിയല്ല. അവ ഇല്ലാതെ, ആർക്കും പുതിയ ഉടമ്പടി അല്ലെങ്കിൽ നിയമം അറിയുവാൻ സാധ്യമല്ല, പക്ഷെ അതു തന്നെയല്ല പുതിയനിയമം. പുതിയ ഉടമ്പടിയുടെ ഉദ്ഘാടനസമയത്ത്, യേശുവിന്റെ ഉയർത്തെഴുന്നേൽപ്പിനുശേഷം ആദ്യത്തെ പെന്തെക്കൊസ്തിൽ, പഴയ ഉടമ്പടിയുടെ ഉദ്ഘാടനത്തിലേതുപോലെ (എബ്രായർ 9:19, 20 നോക്കുക), യേശുവിന്റെ രക്തം പുസ്തകത്തിന്മേലോ ആളുകളിന്മേലോ അല്ല തളിച്ചത്.

## പെന്തക്കൊസ്തിൽ പുതിയനിയമം

സീനായ് പർവ്വതത്തിലെ വിശുദ്ധപ്രതലത്തിൽ വെച്ച് എഴുതിയതിൽ നിന്നു വ്യത്യസ്തമായി, യെരുശലേമിലെ സീനായി പർവ്വതത്തിൽ വെച്ച്

എഴുതിയത് വിശുദ്ധഹൃദയങ്ങളിൽ ആയിരുന്നു. ആത്മാവിന്റെ ദൈവശ്വാസീയ വചനങ്ങൾ പത്രൊസിന്റെ വായിൽകൂടെ വന്നതു (പ്രവൃത്തികൾ 2:4, 14, 22) കേട്ടവർ സന്തോഷത്തോടെ കൈക്കൊണ്ടു (പ്രവൃത്തികൾ 2:37, 41; കെജെവി). അന്നു മൂവായിരം പേരുടെ ഹൃദയങ്ങളിൽ ചിലതു എഴുതുകയുണ്ടായി. അവരിൽ എഴുതിയത് യേശുവിന്റെ കർത്തൃത്വവും അവനെ സേവിക്കുവാനുള്ള സമർപ്പണവും ആയിരുന്നു. അവർ സ്നാനം ഏറ്റപ്പോൾ, പുതിയ ഉടമ്പടിയുടെ ഭാഗമായി, അവരുടെ ശരീരം മൃഗരക്തത്താലല്ല, അവരുടെ ഹൃദയങ്ങൾ യേശുവിന്റെ രക്തത്താൽ ആത്മീയമായി തളിക്കപ്പെട്ടു (എബ്രായർ 10:22; 12:24; 1 പത്രൊസ് 1:2). മൂവായിരം പേർ വചനം കൈക്കൊണ്ടതു - പുറമെ എഴുതിയ വചനമല്ല, പത്രൊസ് അവരോടു പ്രഖ്യാപിച്ച വചനമായിരുന്നു അത്. ആ സന്ദേശം അവരുടെ ഹൃദയങ്ങളിലേക്കാണ് അവർ സ്വീകരിച്ചത്. ഇരുപത്തി-ഏഴു പുസ്തകങ്ങളിൽ ആദ്യപുസ്തകം എഴുതിയതിനു ചുരുങ്ങിയത് പതിനഞ്ചോ അതിൽ കൂടുതലോ വർഷങ്ങൾക്കു മുൻപോ, ഇരുപത്തി-ഏഴു പുസ്തകങ്ങളിൽ അവസാനപുസ്തകം എഴുതുന്നതുവരെയുള്ള അറുപത്തി-ആറു വർഷവും ആയിരിക്കാം അത് (വെളിപ്പാട്, സി. ഏ.ഡി.96). എന്നിരുന്നാലും, ആ മൂവായിരം പേർക്കു ആന്തരിക എഴുത്ത് അനുഭവപ്പെട്ടു.

വാസ്തവത്തിൽ, അന്നു മൂവായിരം പേർ ആയിരുന്നു ഉടമ്പടിയിലായത്. അവർ ഒരോരുത്തരും പത്രൊസിന്റെ പ്രസംഗത്തോടു പ്രതികരിച്ചു, യേശുവിനോടുകൂടെ, ദൃഢമായി സംയോജിപ്പിക്കുന്ന ഒരു ഉടമ്പടിയിൽ, അഥവാ നിയമത്തിലാകുകയാണ്. യേശുവിനെ അനുഗമിക്കുവാൻ ഓരോരുത്തരും, മറ്റുള്ളവർ എത്ര അധികം അല്ലെങ്കിൽ എത്ര കുറച്ച് എടുത്തു എന്നു കണക്കാക്കാതെ, പ്രത്യേക സമർപ്പണം ആണ് എടുത്തത്. ആരും പ്രതികരിച്ചതു മറ്റാരെങ്കിലും പ്രതികരിച്ചതുകൊണ്ടല്ല; മറിച്ച്, ഓരോരുത്തരും പ്രതികരിച്ചതു യേശു അവന്റെ ഹൃദയത്തിൽ എഴുതിയതുകൊണ്ടാണ്. ആ കാഴ്ച്ചപ്പാടിൽ, മൂവായിരം വ്യക്തികൾ, അന്നു, വ്യക്തിപരമായ ഉടമ്പടിയിൽ അഥവാ കരാറിൽ ഏർപ്പെട്ടു. ഓരോരുത്തരും, മറ്റുള്ളവരിൽനിന്നു വേറിട്ടും സ്വതന്ത്രമായും, അതേസമയം ആ മൂവായിരം പേരും ഒരേ ഉടമ്പടിയിലായിരുന്നു ഏർപ്പെട്ടത്.

**മഷികൊണ്ടല്ല**

“നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പുതിയ നിയമം” എന്നു ഇരുപത്തി-ഏഴു പുസ്തകങ്ങളിലും, പരിശുദ്ധാത്മാവു നേരിട്ട് എഴുതിയില്ല. ഒരു പ്രിന്റർ അങ്ങനെ അബദ്ധവശാൽ എഴുതിയതാണ്. അവ ഓരോന്നും എഴുതിയത് എവിടെയാണോ അതായിരിക്കും രണ്ടു നിയമങ്ങൾ തമ്മിലുള്ള മുഖ്യവ്യത്യാസം എന്നതായിരുന്നില്ല അവൻ തിരിച്ചറിയിച്ചത്. ഒന്നാമത്തെ നിയമം പുറമെ പുസ്തകത്തിലും, രണ്ടാമത്തേത് ഹൃദയങ്ങളിലും ആണ് എഴുതുന്നത് എന്ന ദിവ്യമായചിന്ത അവൻ അറിയാതെ മങ്ങിപ്പോയി. പഴയനിയമത്തിലെ മുപ്പത്തി-ഒൻപതു പുസ്തകങ്ങളും, ഒന്നു തന്നെയാണോ എന്നും, പുതിയ നിയമത്തിന്റെ ഇരുപത്തി-ഏഴു പുസ്തകങ്ങളുമായി സാമ്യമുള്ളതാണോ എന്നും ആളുകളെ ഒത്തുനോക്കുവാൻ പ്രിന്ററുടെ വാക്കുകൾ ഇടയാക്കും.

പ്രിന്ററുടെ വാക്കുകൾ തെറ്റാണെന്നു 2 കൊരിന്ത്യർ 3:3 തെളിയിക്കും:

“... അതു മഷികൊണ്ടല്ല ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ അത്രേ, കൽപലകയിൽ അല്ല ഹൃദയമെന്ന മാംസപലകയിൽ തന്നേ എഴുതിയിരിക്കുന്നത്.” ഇരുപത്തി-ഏഴു പുസ്തകങ്ങളുടെ ലെതർ-കൊണ്ടുള്ള ബൈന്റു മഷികൊണ്ടാണ് എഴുതിയിരിക്കുന്നത്. അതു നിലവിലുള്ളതിൽ എറ്റവും പ്രാധാന്യമുള്ള വാല്യം ആണെങ്കിലും, അതു കൂടാതെ രക്ഷ അസാധ്യമാണെങ്കിലും (യോഹന്നാൻ 6:63), അതു പുതിയനിയമമല്ല. പുതിയനിയമം മഷി-കൊണ്ടല്ല, ആത്മാവിനാലാണ്-എഴുതിയിരിക്കുന്നത്. ഹൃദയം എന്ന - മാംസപലകയിൽ ആണ്, പെന്തെക്കൊസ്തുനാളിൽ പത്രൊസിന്റെ വാക്കുകളിലൂടെ പരിശുദ്ധാത്മാവു എഴുതിയത്. പത്രൊസ് എഴുതിയ അതേ വാക്കുകളിലൂടെ ഇന്നും, ആത്മാവു അതു തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത് (പ്രവൃത്തികൾ 2-ൽ ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു).

ഇരുപത്തി-ഏഴു പുസ്തകങ്ങളിൽ മഷികൊണ്ടു പേപ്പറിൽ എഴുതുവാൻ പരിശുദ്ധാത്മാവു കാരണമായി തീർന്നു, എന്നാൽ അവ പുതിയനിയമമല്ല. ആ ഇരുപത്തി-ഏഴു പുസ്തകങ്ങളിലെ സന്ദേശം വായിച്ച്, സ്വീകരിച്ച്, അതനുസരിച്ചു ജീവിക്കുമ്പോൾ മാത്രമാണ് പുതിയനിയമം ഫലവത്താകുന്നത്. ആ ഇരുപത്തി-ഏഴു പുസ്തകങ്ങളിലെ സന്ദേശം വായിച്ച്, സ്വീകരിച്ച്, അതനുസരിച്ചു പ്രവർത്തിക്കുമ്പോഴാണ് ഹൃദയ മെന്ന മാംസപലകയിൽ പരിശുദ്ധാത്മാവു എഴുതി എന്നു പറയുവാൻ കഴിയുക.

അലങ്കാരത്തോടെ നടന്ന ഒരു വിവാഹാഘോഷത്തിൽ, വെള്ള നിറത്തിലുള്ള-ബൈന്റോടുകൂടിയ ഒരു ബൈബിൾ, പിടിച്ചുകൊണ്ടുവന്ന വധു, എല്ലാവരേയും വൈകാരികമായി ചലിപ്പിച്ചു. വരനും വധുവും അവരുടെ കൈകൾ ബൈബിളിൽ വെച്ചിരിക്കുന്ന ആ ഫോട്ടോ പിന്നീടു ഫോട്ടോഗ്രാഫർ പകർത്തി. വ്യക്തമായും, ആ ദമ്പതികൾ അതിനർത്ഥമാക്കി പറഞ്ഞത്, “ഞങ്ങളുടെ കുടുംബത്തിന്റെ അടിസ്ഥാനം ബൈബിൾ ആയിരിക്കും” എന്നാണ്. ആ വെള്ള കവറുള്ള, മഷികൊണ്ടു എഴുതിയ പുസ്തകത്തേക്കാൾ കൂടുതൽ ഒരു കുടുംബമാകുവാൻ, ആവശ്യമാണു താനും. ആ പുസ്തകത്തിൽ എഴുതിയിരിക്കുന്നതു അവരുടെ ഹൃദയത്തിൽ എഴുതിയിട്ടില്ലായിരുന്നു. അവർ തങ്ങളുടെ ബൈബിൾ ഹണിമൂണിനും കൊണ്ടുപോയി, പക്ഷെ അവർ അതു വായിച്ചില്ല. അവരുടെ വീട്ടിൽ ആ വെള്ളനിറമുള്ള ബൈബിളിന് പ്രത്യേക സ്ഥാനമുണ്ടായിരുന്നു, പക്ഷെ അതു തുറന്നിരുന്നില്ല. ആ കുടുംബത്തിൽ അവർ ഒരുമിച്ചു തിരുവെഴുത്തു വായിച്ചില്ല, കുടുംബ പ്രാർത്ഥനയും ഇല്ലായിരുന്നു. കുറെ മാസങ്ങൾക്കു ശേഷം ആ യുവാവ് മറ്റു സ്ത്രീകളുമായി ബന്ധപ്പെടുവാൻ തുടങ്ങുകയും, ഭാര്യ വിവാഹമോചനത്തിനു കേസ് കൊടുക്കുകയും ചെയ്തു. ആ വെള്ള ബൈബിൾ അപ്പോഴും അവൾ സുരക്ഷിതസ്ഥാനത്തു വെച്ചിട്ടുണ്ടായിരുന്നു, എങ്കിലും അതു അവൾക്കു സന്തോഷത്തിനുപകരം കണ്ണുനീരാണ് നൽകിയത്. ബൈബിളിലെ ഉള്ളടക്കം ഹൃദയത്തിൽ എഴുതിയില്ലെങ്കിൽ, അതു ശക്തിരഹിതമായിരിക്കും. ആത്മാർത്ഥതയും സത്യസന്ധതയുമുള്ള ഹൃദയങ്ങളിൽ എഴുതപ്പെടുമ്പോഴാണ് ദൈവവചനം ശക്തമായി പ്രവർത്തിക്കുന്നത് (എബ്രായർ 4:12; ലൂക്കൊസ് 8:15).

## വ്യക്തിപരമായ ഒരു ബന്ധം

പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ആദ്യത്തെ വ്യത്യാസം

അതു എവിടെ എഴുതിയിരിക്കുന്നു എന്നതാണ്. അവ തമ്മിലുള്ള രണ്ടാമത്തെ വ്യത്യാസം ദൈവവും അവന്റെ ഉടമ്പടിയിലുള്ള-ജനവുമായി നിലനില്ക്കുന്ന ബന്ധത്തിലാണ്: "ഞാൻ അവരുടെ ദൈവവും, അവർ എനിക്കു ജനവും ആയിരിക്കും (യിരെമ്യാവു 31:33). സ്വർഗീയപിതാവു, സൃഷ്ടിയുടെ ആരംഭം മുതൽ, താനും തന്റെ സാദൃശത്തിൽ സൃഷ്ടിച്ചവരും തമ്മിൽ വ്യക്തിപരമായ ഒരു സൗഹൃദം നിലനിർത്തുവാൻ ആഗ്രഹിച്ചു. ഇതു മനുഷ്യന്റെ പാപം അതു അസാധ്യമാക്കി തീർത്തതുവരെ, ഏദെൻ തോട്ടത്തിൽ വെച്ച് അവൻ അതു ആഗ്രഹിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്തു. അതിനുശേഷം, വളരെ കുറച്ചുപേർക്കു മാത്രമേ പിതാവിനോടു അടുത്ത ബന്ധം, പുലർത്തുവാൻ കഴിഞ്ഞുള്ളൂ. അവരിൽ ഒരാളായിരുന്നു ഹാനോക്ക്. ചുരുങ്ങിയത് മുന്നൂറു വർഷത്തോളം (ഉല്പത്തി 5:22), അവൻ ദൈവത്തോടുകൂടെ നടന്നു - തോട്ടത്തിൽ ആദാം നടന്നതുപോലെ ഭൗതികമായിട്ടല്ല, എന്നാൽ ആത്മിയ കൂട്ടാളിയായിട്ട്. (ശമുവേൽ, യോസേഫ്, ദാവീദ്, ദാനിയേൽ തുടങ്ങി) വേറെയും ആളുകൾ തങ്ങളുടെ ദൈവവുമായി ദിവസവും രണ്ടുകൂട്ടർക്കും തൃപ്തികരമായ അടുത്തബന്ധത്തിൽ ഓരോ ദിവസവും ജീവിച്ചവരായുണ്ട്.

ആത്മാക്കളുടെ പിതാവും മനുഷ്യാത്മാക്കളും തമ്മിൽ ആസ്വദിക്കാവുന്ന ആ കൂട്ട് പഴയനിയമത്തിൻകീഴിൽ സാധ്യമായിരുന്നെങ്കിലും, സാധാരണ ഉണ്ടായിരുന്നില്ല. എങ്ങനെയായാലും, ഹൃദയത്തിൽ–എഴുതിയ ഉടമ്പടിയിൽ, ദൈവം പറഞ്ഞു, എല്ലാ ക്രിസ്ത്യാനികളും "ഞാൻ അവർക്കു ദൈവവും, അവർ എനിക്കു ജനവും ആകും'' എന്നു തിരിച്ചറിഞ്ഞു ജീവിക്കും (2 കൊരിന്ത്യർ 6:16).

അനുസരണയുള്ള ഒരാത്മാവുമായി തനിക്കുണ്ടാകുവാൻ ദൈവം ആഗ്രഹിക്കുന്ന അടുപ്പം യേശുവിന്റെ പ്രാർത്ഥനാവാക്കുകളിൽ കാണാം: ''നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു" (യോഹന്നാൻ 11:42). കാഴ്ച്ചയിലല്ല ദൈവസാന്നിധ്യം അനുഭവപ്പെടുന്നതെന്നും, എന്നാൽ വിശ്വാസത്താലാണ് ദൈവം തന്നോടൊപ്പം എപ്പോഴും ഉള്ളതായി അനുഭവപ്പെടുന്നതെന്നും പരിജ്ഞാനം ലഭിച്ച ഒരു ക്രിസ്ത്യാനിക്ക് അറിയാം: "കർത്താവു അടുത്തിരിക്കുന്നു" (ഫിലിപ്പിയർ 4:5). ആ ഉറപ്പ് അവന്നു ആത്മവിശ്വാസവും, ആന്തരികസന്തോഷവും, സകലബുദ്ധിയേയും കവിയുന്ന സമാധാനവും നൽകുന്നു (ഫിലിപ്പിയർ 4:6, 7). മറ്റുള്ളവരിൽ ഇല്ലാത്തവിധത്തിൽ ദൈവം തങ്ങളിൽ വസിക്കുമെന്നു അനുസരണമുള്ള ക്രിസ്ത്യാനികൾ മനസിലാക്കും (യോഹന്നാൻ 14:23). അവരെ പിതാവു "ദൈവത്തിന്റെ സ്വന്ത ജനം" എന്ന പ്രത്യേകമായ രീതിയിൽ, ദൈവത്തിന്നുള്ളവരായിട്ടാണ് കാണുന്നതെന്നും അവർ അറിയുന്നു (1 പത്രൊസ് 2:9). യേശുവിന് അവരെ സഹോദരന്മാർ എന്നു വിളിക്കുന്നതിനും (എബ്രായർ 2:11) അവരുടെ പിതാവിനെ പിതാവു എന്നു വിളിക്കുന്നതിനും ലജ്ജിക്കുന്നില്ല എന്നും അവർക്കറിയാം, കാരണം അവൻ പറഞ്ഞു, "ഞാൻ അവരിൽ വസിക്കയും അവരുടെ ഇടയിൽ നടക്കയും ചെയ്യും; ഞാൻ അവർക്കു ദൈവവും, അവർ എനിക്കു ജനവും ആകും" (2 കൊരിന്ത്യർ 6:16; വെളിപ്പാട് 21:7 നോക്കുക).

മറ്റാരെക്കാളും, പിതാവിനെ നന്നായി അറിയുന്ന, യേശു പറഞ്ഞു "നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു" (മത്തായി 10:30). ചില ആളുകളെ അത്ര ഉയർന്നവരായി കാണുകയില്ല എന്നു തമാശയായി

പറയാറുണ്ട്, എന്നാൽ യേശുവിന്റെ പ്രസ്താവന തെളിയിക്കുന്നത്, ദൈവം തന്റെ ജനവുമായി, അടുപ്പവും, കൂട്ടായ്മയും പുലർത്തുവാൻ ആഗ്രഹിക്കുന്നു എന്നതാണ്.

## കർത്താവിനെ അറിയുന്നവർ

പുതിയ നിയമത്തിൽ കർത്താവു ആരാണെന്നു എല്ലാവരും അറിയും എന്നതാണ് മൂന്നാമത്തെ വ്യത്യാസം.

*ശമുവേൽ.* പഴയനിയമത്തിൻ കീഴിൽ, ഒരു ബാലൻ ജനനത്താൽ തന്നെ ദൈവത്തിന്റെ ജനമായിത്തീരുന്നു. ഉദാഹരണമായി, ശമുവേൽ, ഉടമ്പടിയുള്ള രണ്ടു എബ്രായരായ മാതാപിതാക്കൾക്ക് ആയിരുന്നു ജനിച്ചത്. അതു അവനെ സ്വാഭാവികമായി യഹോവയെ അറിഞ്ഞില്ലെങ്കിലും, മോശെയുടെ ന്യായപ്രമാണത്തിന്റെ ഭാഗമാക്കി. ഒരു ബാലനായിരുന്ന അവനെ, കരുതേണ്ടതിനായി ദൈവാലയത്തിൽ ഏലിയുടെ അടുത്താക്കിയപ്പോൾ, യഹോവയെക്കുറിച്ചു അവനെ പഠിപ്പിക്കേണ്ടിയിരുന്നു. ശൈശവ അംഗത്വമായിരുന്നു പഴയനിയമ മാതൃക, എന്നാൽ പുതിയനിയമത്തിൽ അങ്ങനെ ആയിരിക്കയില്ല എന്നു ദൈവം പ്രത്യേകമായി പറഞ്ഞിരുന്നു: “അവർ ആബാലവൃദ്ധം എല്ലാവരും, എന്നെ അറിയും” (എബ്രായർ 8:11).

*പെന്തെകൊസ്തുനാളിലുണ്ടായിരുന്നവർ.* വ്യത്യാസം മനസിലാക്കുവാൻ, പുതിയനിയമത്തിന്റെ ഉദ്ഘാടനത്തിൽ സംഭവിച്ചത് നോക്കുക: “അവന്റെ വചനം കൈക്കൊണ്ടവർ സ്നാനം ഏറ്റു” (പ്രവൃത്തികൾ 2:41), എന്നാൽ അവരുടെ ശിശുക്കളായ മക്കൾ അല്ലായിരുന്നു. യേശു കർത്താവാണെന്നു അറിയുവാൻ വന്നവർ മാത്രമായിരുന്നു പുതിയ ഉടമ്പടി അംഗീകരിച്ചവർ (പ്രവൃത്തികൾ 2:36).

*ഫിലിപ്പിയയിലെ കാരാഗൃഹപ്രമാണി.* ഫിലിപ്പിയയിലെ കാരാഗൃഹപ്രമാണിയും, അവന്റെ ഭവനവും സ്നാനമേറ്റു എന്നു ഒരാൾ വായിക്കുന്നു. ആ ഭവനത്തിലെ ചിലർ കുട്ടികൾ ആയിരുന്നെങ്കിൽ, പഴയനിയമവും പുതിയ നിയമവും തമ്മിൽ കർത്താവു മൂന്നാമതു സൂചിപ്പിച്ച വ്യത്യാസം വാസ്തവമല്ലാതാകും, കാരണം ശിശുക്കൾ യഹോവയെ അറിയുന്നില്ല. നാം വായിക്കുന്നത് കാരാഗൃഹപ്രമാണിയുടെ വീട്ടിലുണ്ടായിരുന്നവരെല്ലാം പ്രസംഗം കേൾക്കുകയും (പ്രവൃത്തികൾ 16:32) കർത്താവിൽ വിശ്വസിച്ച്, സ്നാനം മുഖാന്തരം അവർ പുതിയനിയമത്തിൽ പങ്കുകാരാകുകയും ചെയ്തു എന്നാണ്.

*സ്ഥിതിസമത്വവാദം അല്ല.* പുതിയനിയമം കർത്താവിനോടുള്ള ബന്ധത്തിൽ ദേശീയമോ, കുടുംബപരമോ, അല്ല എന്നു ദൈവം വ്യക്തമാക്കിയിട്ടുണ്ട്. മറിച്ച്, അതു ഓരോ പാപിയും തന്റെ രക്ഷകനും തമ്മിലുള്ള വ്യക്തിപരമായ കരാറാണ്. ആത്മീയമായ സ്ഥിതിസമത്വവാദം ക്രിസ്ത്യാനിത്വമല്ല.

## പൂർണ്ണമായ മോചനം

പൂർണ്ണമായ പാപമോചനത്തെ കുറിച്ചുള്ള അറിവാണ് പുതിയനിയമത്തിൻകീഴിൽ ആസ്വദിക്കുവാൻ കഴിയുന്ന നാലാമത്തെ പുതുക്കം: “ഞാൻ അവരുടെ അകൃത്യങ്ങളെ കുറിച്ചു കരുണയുള്ളവനാകും, അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല” (യിരെമ്യാവു 31:34; എബ്രായർ 8:12; 10:17 കൂടി നോക്കുക).

### ക്രൂശിനു മുൻപു അസാധ്യമായ ഒന്ന്

യേശു ക്രൂശിൽ മരിക്കുന്നതിനു മുൻപു, പൂർണ്ണമായ പാപമോചനം അസാധ്യമായിരുന്നു. അതു വാസ്തവമാകുന്നത് "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല" എന്നതുകൊണ്ടാണ് (എബ്രായർ 9:22); "കാളകളുടേയും ആട്ടുകൊറ്റന്മാരുടേയും രക്തത്തിനു പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല" (എബ്രായർ 10:4). നീതിമാനായിരുന്ന ഹാബേൽ, തുടങ്ങിയ വിശ്വസ്തരായ ആളുകളുടെ പാപങ്ങളും (മത്തായി 23:35), യേശു വന്നു രക്തം ചിന്തു മെന്നു, ദൈവത്തിന് അറിയാമായിരുന്നതുകൊണ്ട് അതും മോചിക്കപ്പെടും. എങ്ങനെയായാലും, സത്യത്തിൽ, ഹാബേലിന്റെ കുഞ്ഞാടിനെ യാഗം കഴിക്കൽകൊണ്ട് പൂർണ്ണമായി പാപം നീങ്ങിയില്ല; അതു "ലോകത്തിന്റെ പാപം ചുമക്കുന്ന" ദൈവകുഞ്ഞാടിലേക്കു വിരൽ ചൂണ്ടുകയായിരുന്നു (യോഹന്നാൻ 1:29).

ന്യായപ്രമാണപ്രകാരം, അവൻ ചെയ്ത വ്യഭിചാരത്തിനും കുലപാത കത്തിനും പാപക്ഷമയില്ലെങ്കിലും, ക്ഷമിക്കപ്പെട്ടു എന്നു നാഥാൻ ദാവീദി നോടു പറഞ്ഞു (2 ശമുവേൽ 12:13). വീണ്ടും, സത്യത്തിൽ, പൂർണ്ണമായി ക്ഷമിക്കപ്പെടുന്നതു യേശുവിന്റെ മരണശേഷം മാത്രമാണ്.

അതുപോലെ തന്നെയായിരുന്നു തന്റെ അടുക്കൽ സ്നാനത്തിനു വന്ന വരോടു യോഹന്നാൻ സ്നാപകന്റെ പാപമോചന വാഗ്ദാനവും (മർക്കൊസ് 1:4). അവർ സ്നാനം ഏറ്റപ്പോൾ, അവരുടെ പാപം പോക്കുകതന്നെ ചെയ്തു, പക്ഷെ വാസ്തവത്തിൽ പൂർണ്ണമായും നീങ്ങപ്പെട്ടതു രക്ഷകൻ രക്തം ചിന്തി യശേഷമായിരുന്നു.

### ക്രൂശിനുശേഷമുള്ള ഒരു യാഥാർത്ഥ്യം

പെന്തെക്കൊസ്തുവരെ, വർഷം തോറും പാപങ്ങളെ കുറിച്ചുള്ള ഓർമ്മ യുണ്ടായിരുന്നു (എബ്രായർ 10:3). തന്റെ നീതിയിൽ ദൈവത്തിനു മറക്കാൻ കഴിയാതിരുന്നു, എന്നാൽ പുതിയനിയമം പ്രാബല്യത്തിൽ വരുമ്പോൾ, ഉടനെ പൂർണ്ണമായ പാപമോചനം ആസ്വദിക്കുവാൻ കഴിയും എന്നാണ് അവൻ യിരെമ്യാവിലൂടെ നൽകിയ വാഗ്ദാനം. ഒരാൾ സ്നാനം ഏല്ക്കു മ്പോൾ, കഴിഞ്ഞതെല്ലാം എന്നേക്കുമായി നീക്കിക്കളയും എന്ന ഉറപ്പാണ് ലഭിക്കുന്നത് (എബ്രായർ 10:14). ഭോഷ്ക്ക് പറയുവാൻ കഴിയാത്തവൻ തന്റെ പാപങ്ങളെ പിന്നെ ഓർക്കുകയില്ല എന്ന വാഗ്ദാനത്തിൽ അവൻ സന്തോ ഷിക്കും. ന്യായവിധിനാളിൽ, സ്നാനത്തിനുമുൻപു അയാൾ ചെയ്ത തെറ്റു കൾക്ക് അയാൾ ഉത്തരം നൽകേണ്ടതില്ല.

സ്നാനത്തിനുശേഷം ഒരു ക്രിസ്ത്യാനി ചെയ്യുന്നതു, പുതിയനിയമ ത്തിലെ മറ്റു ഭാഗങ്ങൾക്കൊത്തവിധത്തിലായിരിക്കണം, എന്നാൽ കഴിഞ്ഞതു കഴിഞ്ഞുപോയി. ഒഴിച്ചുകളഞ്ഞ വെള്ളം തിരിച്ചെടുക്കുവാൻ സാധ്യമല്ലാ ത്തതുപോലെ കഴിഞ്ഞതും തിരിച്ചെടുക്കാൻ സാധ്യമല്ല. സ്നാനത്തിനു മുൻപുള്ള പാപം എത്ര കടുഞ്ചുവപ്പായിരുന്നാലും, സ്നാനശേഷം ഒരു ക്രിസ്ത്യാനിയുടെ ഹൃദയം പഞ്ഞിപോലെയും, ഹിമം പോലെയും വെള്ള യായിതീരും, എന്നതിൽ സന്തോഷിക്കാം (യെശയ്യാവു 1:18 നോക്കുക). ദൈവം അയാളെ ഒരിക്കലും പാപം ചെയ്യാത്ത ആളായിട്ടാണ് പിന്നെ കാണു ന്നത്. രണ്ടു നിയമങ്ങൾ തമ്മിലുള്ള ഈ നാലാമത്തെ വ്യത്യാസം, നാലാ മത്തെ പുതുക്കമുള്ള കാര്യം, അങ്ങനെ നിർമ്മലത, ഉറപ്പ്, സന്തോഷം, മഹ

ത്വം, ധനം എന്നിവ ഒരു പാപിയുടെ ആത്മാവിനു നൽകുന്നു.

**ഉപസംഹാരം**

ദൈവം തന്നോടു ചെയ്ത പുതിയ ഉടമ്പടിയിൽ ഓരോ ക്രിസ്ത്യാനിക്കും സന്തോഷിക്കുവാൻ കഴിയട്ടെ. പഴയ ഉടമ്പടിയുടെ കാലം കഴിഞ്ഞുപോയി, അതു ക്രൂശിൽ തറെച്ചു നീക്കിക്കളഞ്ഞു. യേശുവിന്റെ അവസാനഹിതവും നിയമവും നിമിത്തം ദൈവവുമായുള്ള അനുഗ്രഹങ്ങളുടേയും കൂട്ടായ്മ യുടെയും ഒരു പുതിയ ദിവസം വന്നു.

---

കുറിപ്പ്

[1]തലതിരിഞ്ഞ, ഹൃദയമില്ലാത്ത, കാപട്യമുള്ള നിയമസിദ്ധാന്തങ്ങളുടെ നാശത്തിന്റെ ആധുനിക മാതൃകകൾ കണ്ടുകൊണ്ട്, ചില ആത്മാർത്ഥതയുള്ള ക്രിസ്ത്യാനികൾ (മത്തായി 15:8 നോക്കുക), പൗലൊസ് എഴുതിയ ചില വേദഭാഗങ്ങളെ ദുർവ്യാഖ്യാനം ചെയ്തിട്ടുണ്ട് (റോമർ 6:14 ആയി, എന്നാൽ റോമർ 3:27; 8:1 നോക്കുക) അതു ക്രിസ്ത്യാനിത്വത്തിൽ നിന്ന് എല്ലാ നിയമങ്ങളെയും നീക്കം ചെയ്തതുപോലെയാണ്. ആ കാഴ്ചപ്പാടു അവരെ എന്തിനേയും "നിയമസിദ്ധാന്തപരമായി" എതിർക്കുവാൻ ഇടയാക്കി. അങ്ങനെ ചെയ്യുന്നതിൽ, ദൈവപ്രമാണത്തോടു നീതിയുള്ളതും, ആത്മാർത്ഥഹൃദയത്തോടും ഉള്ള അനുസരണം ഉണ്ടാകാമെന്നും, അതു ഏറ്റവും ഉയർന്ന അവസ്ഥയിൽ നിയമസിദ്ധാന്തമാണെന്ന് അവർ തിരിച്ചറിഞ്ഞില്ല (2 തിമൊഥെയൊസ് 2:5). യിരെമ്യാവു 31:31–34 ൽ "നിയമം" (*റ്റോറ*) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് പഴയതിൽനിന്നു പുതിയതിലേക്കു വ്യത്യസ്തമായി മാറ്റുന്നതിനുവേണ്ടിയാണ്. ഒന്നാമത്തേതിൽനിന്നു വ്യത്യസ്തമായി രണ്ടാമത്തെ നിയമത്തെ സംബന്ധിച്ചു നാലു വ്യക്തമായ പുതുക്കം കാണുന്നുണ്ടെങ്കിലും, ഇതിലെ ഒരു പുതുക്കം നിയമം കൂടാതെയുള്ള*തല്ല*. നിയമസിദ്ധാന്തം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ രണ്ടിലും കാണാം. (നോക്കുക ഗലാത്യർ 6:2; 1 കൊരിന്ത്യർ 9:21; യാക്കൊബ് 1:25; 1 യോഹന്നാൻ 3:4; എബ്രായർ 8:10.)